Condolence Motion re-the Demise of Mr. K. P. Karuppan.

Mr. K. P. Kannan Nayar *(Secretary to Government).*— Mr. President, Sir, before we begin the regular business I wish to bring to the notice of this House the sad and untimely death of Mr. K. P. Karuppan who was once a nominated Member of this House. So far as the life history of Mr. Karuppan is concerned, it is not necessary for me to say anything in detail to the Members of this House who knew him well. He was a member of the Vala community, and he was in fact the leader of that community and he did much for the uplift of that community (hear, hear). As a literary man he was known well. He was a good Sanskrit scholar as also a Malayalam scholar—a poet who has composed many works. In recognition of his abilities as a literary man, His Highness the late lamented Maharaja conferred upon him the title of 'Kavithilakan'. He joined Government service first as a Pandit of the Girls' High School here. Subsequently, he entered the Fisheries Department and he served the Government in various capacities, as the Superintendent of Vernacular Education, as the Assistant to the Protector of the Depressed Classes, until he was made a permanent Pandit in the Maharaja's College here. He was holding that post while he died. The death was rather an untimely one. He was only 53 when he died. He faithfully served the Government in various capacities. He was a very popular man not only amongst his community but amongst all classes. I would, therefore, with the permission of this House place the following resolution for its acceptance:—

"This Council places on record its profound sorrow at the demise of Mr. K. P. Karuppan, an ex-member of this Council".

Rao Sahib I. N. Menon *(Director of Public Instruction).*— Sir, I consider it a rare previlege, although a sad one, to associate myself with all that has been said. Late Pandit Karuppan has been of signal service to the cause of education in this country for nearly a generation. It was my rare previlege to have been associated with him in this work for nearly 7 years while I was for some time the Ex-Officio Protector of the Depressed Classes and while he was the Assistant and afterwards as the Chairman of the several educational committees of which he was a member. His life is sure to be a lasting inspiration not merely to public workers but also to poets. He was one of the earliest members of a backward community to have acquired a very thorough knowledge of Sanskrit and as long as the human race, particularly of

LIBRARY ARCHIVES Kerala Legislative Assembly

Kerala exists, as long as we take a pride in our own literature, the name of Pandit Karuppan is bound to be indelible in our annals. A man without any ostentation, a very hard worker who, I think, for about 25 years has not only flooded but enriched the literature of Kerala with his very distinct contribution particularly. He occupied a very high position in the educational world. He held more than one position in the Madras University and he rendered signal service both to the small community of which he was a member and to the larger community of which also he was a member and to the cause of Malayalam literature. I consider it a matter of sacred duty to associate myself on behalf of the department which I have the previlege to represent in this House with this resolution which has been moved by the Leader of the House.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— സർ, പണ്ഡിറ്റ് മിസ്റ്റർ കറുപ്പനെപ്പറ്റി ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. എല്ലാ സ്ഥിതിയിലുള്ളവരുടേയും എല്ലാ സമുദായക്കാരുടേയും സ്നേഹബഹുമാനങ്ങൾ സമ്പാദിച്ച മുരുക്കം ചിലരിൽ ഒരാളായിരുന്ന പണ്ഡിറ്റ് കറുപ്പൻ അവർകൾ. കുടിൽ മുതൽ കൊട്ടാരംവരെ സ്നേഹവും, ബഹുമാനവും സമ്പാദിച്ചിട്ടുള്ള ഒരാളാണ് അദ്ദേഹം. അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം സിദ്ധിച്ച ഒരാളായിരുന്നില്ല. അദ്ദേഹത്തിന്റെ ബുദ്ധിശക്തികൊണ്ടും സ്ഥിരപരിശ്രമംകൊണ്ടും, സ്വഭാവഗുണംകൊണ്ടും, നയവിശേഷംകൊണ്ടും ഉയർന്ന നിലയിൽ എത്തി, എല്ലാവരുടേയും ഇടയിൽ ഒരു ബഹുമാന്യനായിത്തീർന്നു. തന്റെ സമുദായത്തിനുതന്നെയല്ലാ, പൊതുവെ രാജ്യവാസികൾക്കെല്ലാവർക്കും, മലയാള സാഹിത്യത്തിന പ്രത്യേകിച്ചു വലിയ സേവനം ചെയ്തിട്ടുള്ള ഒരാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മരണംകൊണ്ട് സംസ്ഥാനത്തിന വലിയ നഷ്ടമുണ്ടായിട്ടുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*)— സർ, പരേതനായ മിസ്റ്റർ കെ. പി. കറുപ്പനെ സംബന്ധിച്ച് ഗവൺമെൻറ് സിക്രട്ടറി അവർകൾ ഈ കൌൺസിലിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. എല്ലാ സമുദായക്കാരുടേയും സ്നേഹബഹുമാനങ്ങളെ ഒരുപോലെ സമാർജ്ജിച്ച അസുലഭ ഭാഗധേയനായ ഒരു മഹാകവിയായിരുന്ന അദ്ദേഹം. സാഹിത്യപരമായും സാമുദായികമായും അദ്ദേഹം ചെയ്തിട്ടുള്ള രാജ്യസേവനങ്ങളെ സംക്ഷിപ്തമായിട്ടെങ്കിലും ഇവിടെ പരാമർശിച്ചു കഴിഞ്ഞു. അദ്ദേഹത്തിന്റെ സേവനം ലഭിക്കാത്ത ഒരൊറ്റ അവശസമുദായം ഈ രാജ്യത്തു് ഇല്ലെന്നുതന്നെയുമായി പറയാവുന്നതാണ്. അദ്ദേഹത്തിന്റെ സ്വന്തമായ അരയസമുദായത്തെ മാത്രമല്ല, ഈഴവർ, പുലയർ തുടങ്ങി ജാതിസംബന്ധമായ അവശതകൾ അനുഭവിക്കുന്ന എല്ലാ സമുദായങ്ങൾക്കും അ

LIBRARY ARCHIVES Kerala Legislative Assembly

ദ്ദേഹം ഒരു താങ്ങും തണലുമായിരുന്നു. സ്വന്തമതങ്ങളേയും മതാചാര്യന്മാരേയും പ്രവാചകന്മാരേയും ഒരുപോലെ കാണുകയും അവരുടെ മഹൽതത്വങ്ങളെ ബഹുമാനപൂർവ്വം പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തേയും കവന ചാതുരിയേയും അദ്ദേഹം പ്രയോഗിച്ചിരുന്നു. ബുദ്ധൻ, കൃഷ്ണൻ, ക്രിസ്തു, മഹമ്മദ് തുടങ്ങിയ പ്രവാചകന്മാരെ ഒരുപോലെ ആദരിക്കുവാനും അതുവഴി കേരളത്തിൽ സമുദായ സൗഹാർദ്ദവും സഹകരണവും ഉളവാക്കുവാനും പറ്റിയ പല്ലമായ ഗാനങ്ങളാണ് അദ്ദേഹം ബാലന്മാരെ ഉദ്ദേശിച്ചു ഏഴുതി പാഠപുസ്തകങ്ങളായി പ്രചരിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തോട് എനിക്കു സ്വന്തം നിലയിലും എന്റെ സമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിലും ഉള്ള ബഹുമാനത്തെ ഇവിടെ രേഖപ്പെടുത്തുവാൻ ഞാൻ ഈ സന്ദർഭത്തെവിനിയോഗിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. സി. വക്കി *(Ernakulam North)*.— പണ്ഡിറ്റ് മി: കെ. പി. കറുപ്പന്റെ നിര്യാണത്തിലുള്ള അനുശോചനത്തെ പ്രകാശിപ്പിക്കാനായി ബഹുമാനപ്പെട്ട ഗവൺമെൻറു സിക്രട്ടറി അവർകൾ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാനും ഹാർദ്ദമായി പിന്താങ്ങുന്നു. ഈ സഭയുടെ ഒരംഗമായിരുന്ന മി: കറുപ്പനെപ്പറ്റി പ്രശംസാപരമായി ഇവിടെ പ്രസ്താവിക്കപ്പെട്ട സംഗതികളിൽ ലവലേശം അതിശയോക്തിയില്ല. അദ്ദേഹം ചെറുപ്പംമുതല്ക്കുതന്നെ സംസ്കൃതത്തിലും മലയാളത്തിലും പാണ്ഡത്യം സമ്പാദിക്കാൻ ശ്രമിച്ചു. ക്രമേണ ഒരു സമർത്ഥനായ കവിയായിതീർന്നു. അദ്ദേഹം ഒരു വാല്മനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പദ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ആദ്യകാലങ്ങളിൽ ചില പത്രങ്ങൾ ശങ്കിച്ചതായി എനിക്കറിയാം. കാലാന്തരത്തിൽ ജാതിഹിന്തുക്കളുടെ ആ മനോഭാവം മാറി; പല പത്രാധിപന്മാരും സാഹിത്യരസം തുളുമ്പുന്ന മി: കറുപ്പന്റെ ഗദ്യപദ്യകൃതികൾ പ്രസിദ്ധീകരിക്കുന്നതു ഒരു മഹാഭാഗ്യവും മാനവുമായി കരുതിപ്പോന്ന ഒരു കാലം പിന്നീടുണ്ടായി. അദ്ദേഹത്തിന്റെ അനിതരസാധാരണമായ പാണ്ഡിത്യത്തെ ഭാഷാസാഹിത്യനേതാക്കന്മാർ കൊണ്ടാടുകയും സാഹിത്യലോകത്തിൽ അദ്ദേഹത്തിനു അസൂയാജനകമായ ഒരു ഉൽകൃഷ്ടസ്ഥാനം ലഭിക്കുകയും ചെയ്തു. തനിക്കു പൊതുജനമദ്ധ്യേ ലഭിച്ച ഉന്നതനിലയേയും സ്വാധീനശക്തിയേയും സ്വസമുദായത്തിന്റെയും മറ്റു അധഃകൃതവർഗ്ഗക്കാരുടേയും ഗുണത്തിനായി അദ്ദേഹം വിനിയോഗിച്ചു. കൊച്ചീ സംസ്ഥാനത്തു് അധഃകൃതവർഗ്ഗോന്നമനത്തിനായി ആദ്യം മുന്നിട്ടിറങ്ങി പരിശ്രമിച്ചതു് പരേതനായ മി: കറുപ്പനായിരുന്നു. (ഹിയർ; ഹിയർ) വിദ്യാഭ്യാസ ഡയരക്ടരുടെ കീഴിൽ ഇദംപ്രഥമായി ഒരു അധഃകൃതവകുപ്പു രൂപവല്ക്കരിക്കപ്പെട്ടപ്പോൾ അസിസ്റ്റണ്ടു അധഃകൃതസംരക്ഷകനായി നിയമിക്കപ്പെട്ടതു് ഇദ്ദേഹമാണല്ലൊ. അധഃകൃതരിൽ എല്ലാവക്കും അനുഭവം ജനിപ്പിക്കാനും തന്റെ ഉദ്യമങ്ങളിൽ എല്ലാവരെയും വശംവദരാക്കുവാനും മി: ക

LIBRARY ARCHIVES Kerala Legislative Assembly

കരുപ്പന്റെ വിനയശീലവും നയവിശേഷവും അദ്ദേഹത്തെ വളരെ സഹായിച്ചിട്ടുണ്ട്. വാലസമുദായത്തെപ്പറ്റി ജനതാമദ്ധ്യത്തിൽ ഒരു പരിഗണനയും സമ്മതിയും ഉണ്ടാക്കിത്തീർത്തത് അദ്ദേഹമാണ്. അധഃകൃതോദ്ധാരണം അദ്ദേഹം നിർവ്വഹിച്ചത അന്യസമുദായക്കാരെ മുഷിപ്പിക്കാതെയാണ്. അധഃകൃതോദ്ധാരണത്തിൽ ഏർപ്പെടുന്ന ചിലരെപ്പോലെ അന്യസമുദായക്കാരെ ചീത്തപറയുന്ന സമ്പ്രദായം അദ്ദേഹം അവലംബിച്ചില്ല. വിനയവും സ്നേഹപൂർവ്വമായ നയവും കൊണ്ടു അന്യസമുദായക്കാരുടെ സഹകരണ സഹായങ്ങളെ സമ്പാദിച്ചും തന്റെ ഉദ്ദേശം സാധിക്കാൻ അദ്ദേഹം സർവ്വദാ ശ്രമിച്ചു. വാലസമുദായത്തെപ്പോലെ മറ്റു അധഃകൃതവർഗ്ഗക്കാരെയും ഉദ്ധരിക്കുന്നതിനു സർവ്വാത്മനാ പരിശ്രമിച്ചുകൊണ്ടിരുന്നു. മി: കരുപ്പന്റെ— പ്രത്യേകിച്ചു സാഹിത്യ നഭോമണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്ന ആ വിശിഷ്ട താരത്തിന്റെ— ഈ നിയമസഭയിലെ ഒരു സാമാജികനായിരുന്ന ആ മഹാന്റെ— അഭാവത്തിലും ദേഹവിയോഗത്തിലും നമുക്കെല്ലാവർക്കുമുള്ള അപാരമായ ദുഃഖം രേഖപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സിക്രട്ടറി അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ എന്റെ സ്വന്തനിലയിലും എന്റെ പാർട്ടിയുടെ പേക്ഷം ഞാൻ വിനയപുരസ്സരം പിന്താങ്ങിക്കൊള്ളുന്നു.

Mr. President.—I should like to associate myself with all that has been said about the late Mr. Pandit Karuppan. He was one of the public workers with whom I came into contact very soon after I came to this State. Even on the very first occasion, I was deeply impressed by the high character and his devotion to duty. I was greatly impressed by the very unostentacious way in which the late Pandit Karuppan carried on his public duties. I consider him as one of the greatest public servants that this State has had and in his death the State has certainly lost a very devoted worker. It will be my duty to convey to the members of Mr. Karuppan's family the profound sorrow of this House at the untimely death of this public servant and I request Hon'ble Members to stand up in their seats and vote for the resolution.

The Resolution was passed all Members Standing.

Announcement of Bills assented to by His Highness the Maharaja.

Secretary to the Council.—Under Standing Order 5 (2) I have to announce to the House that the following Bills passed by the Council have been graciously assented to by His Highness the Maharaja:-

LIBRARY ARCHIVES Kerala Legislative Assembly